Jagratha 055

Vol-2, Issue:21
26-06- 2008

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

***പ്രധാന വാർത്തകൾ***

*01. വിവാദ പാഠപുസ്തകങ്ങൾ : പ്രതിഷേധം ശക്തമാകുന്നു- ഐക്യ-ജാഗ്രതാ കമ്മീഷൻ*
*02.കെ.സി.ബി.സി 2008 ജൂൺ 10-11 തീയതികളിൽ കൈകൊണ്ട തീരുമാനങ്ങൾ*
*03. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ സഭകളുടെ സംയുക്തനീക്കം ഉണ്ടാകണം: മാർ മാത്യു അറയ്ക്കൽ*

## 01. വിവാദ പാഠപുസ്തകങ്ങൾ : പ്രതിഷേധം ശക്തമാകുന്നു ഐക്യ-ജാഗ്രതാ കമ്മീഷൻ

ദൈവത്തിൽ വിശ്വസിക്കുകയും വിശ്വാസമനുസരിച്ച് ജീവിക്കാനുമുള്ള ഒരുവന്റെ ജന്മാവകാശവും അതിനുള്ള സ്വാതന്ത്ര്യവും മതേതര രാഷ്ട്രമായ ഭാരതത്തിൽ ഭരണഘടന ഉറപ്പു നൽകിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ വളർന്നു വരുന്ന തലമുറയെ നിരീശ്വരവാദികളാക്കുവാനും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്ര ചിന്താഗതിക്കാരായി വളർത്തുവാനുമായി നടത്തിവരുന്ന ശ്രമങ്ങൾ ഏറ്റവും പ്രതിഷേധാർഹമായതാണ്. കേരള വിദ്യാഭ്യാസ വകുപ്പ്, ഇടതു ചിന്താഗതിക്കാരായ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കമ്മിറ്റി മുഖാന്തിരം ഇടതു സർക്കാരിന്റെ താല്പര്യമനുസരിച്ച് ആശയങ്ങൾ രൂപപ്പെടുത്തിയ പുതിയ പാഠപുസ്തകങ്ങൾ, ഔദ്യോഗിക അംഗീകാരത്തോടെ കുരുന്നുമനസ്സുകളിലേക്ക് കമ്മ്യൂണിസ്റ്റ് വിപ്ലവആശയങ്ങൾ കുത്തിനിറച്ച് ചരിത്രത്തേയും ആചാരങ്ങളെയും വെട്ടിനിരത്തി പാർട്ടിയെ വളർത്തുവാനുള്ള അവരുടെ ശ്രമങ്ങൾക്ക് ഫലം കിട്ടാനായി ഇടതുപക്ഷ അധ്യാപകസംഘടനകളുടെ സ്വാധീനത്തോടെ അധ്യാപകരേയും പിന്നീട് വിദ്യാർത്ഥികളെയും തങ്ങളോടൊപ്പം ചേർക്കുക എന്ന മിനിമം പരിപാടിയാണ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമാക്കുന്നത്.

"പൗളോ ഫെയർ" എന്ന വിദ്യാഭ്യാസ സാമൂഹിക ശാസ്ത്രജ്ഞൻ വികസിപ്പിച്ച "വിമർശനാത്മകബോധന ശാസ്ത്രം" (Critical Pedagogy) അനുസരിച്ച് തയ്യാറാക്കിയ പുതിയ പാഠപുസ്തകങ്ങളിൽ മതം, കുടുംബം, പാരമ്പര്യങ്ങൾ തുടങ്ങിയ സമൂഹത്തിലെ വ്യവസ്ഥാപിത അനുഷ്ഠാനങ്ങളെ തകർക്കാനുള്ള ശ്രമമാണ്. ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലൂടെ ഇടതു രാഷ്ട്രീയമെന്ന ഹിഡൻ അജണ്ടയാണുള്ളത്. ആദ്യപാഠത്തിൽ കേരളത്തിൽ നടപ്പാക്കിയ ഭൂപരിഷ്കരണം ഇടതു ചായ്‌വോടെ അവതരിപ്പിച്ചിരിക്കുമ്പോൾ രണ്ടാം പാഠം നിരീശരത്വം പ്രോത്സാഹിപ്പിക്കുന്ന വിധമാണ്. മൂന്നാം പാഠത്തിൽ സ്വാതന്ത്ര്യസമരത്തെപ്പറ്റിയായപ്പോൾ മിതവാദികളെ തമസ്ക്കരിച്ച് തീവ്രവാദികളായ സമര സേനാനികൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഇതു വായിക്കുമ്പോൾ ഗാന്ധിജിയുടെയും നെഹ്റുവിന്റെയും സംഭാവനകൾ നിസ്സാരമാക്കപ്പെടുന്നതായി നമുക്ക് കാണാം.

ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം ഒന്നാം പാഠം തുടങ്ങുന്നത് കേരളത്തിനാവശ്യമായ അരി ഉത്പാദിപ്പിക്കുവാൻ കാരണം തേടിക്കൊണ്ടാണ്. കൃഷിക്കാരന് കൃഷിഭൂമിയുടെ അവകാശം ലഭിച്ചതെപ്പോഴാണെന്ന ചോദ്യത്തോടെ തുടങ്ങുന്നവയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവങ്ങളെയുംനേതാക്കളെയും റഫറൻസായി അവരുടെ പുസ്തകങ്ങളെയുമാണ് പ്രതിപാദിച്ചിരിക്കുന്നത്. ഇതേ പുസ്തകത്തിലെ "മനുഷ്യത്വം വിളയുന്ന ഭൂമി" എന്ന യൂണിറ്റിലെ "മതമില്ലാത്ത ജീവൻ" എന്ന ഭാഗം നിരീശരത്വം വളർത്താൻ ലക്ഷ്യമാക്കിയതാണ്.പ്രധാന അധ്യാപകനും രക്ഷകർത്താവുമായുള്ള സംഭാഷണത്തിലൂടെ "മതമില്ല" ജാതിയില്ല എന്ന പരാമർശങ്ങൾ കുരുന്നുമനസ്സുകളിൽ മതനിഷേധം ഉണ്ടാക്കുവാൻ പ്രേരിപ്പിക്കുന്നവയാണ്. "വലുതാകുമ്പോൾ ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കട്ടെ" എന്നതുവഴി കുട്ടികളിൽ അവർ വിശ്വസിച്ചു വരുന്ന മതത്തിൽ നിന്നകലാനും വേറൊന്ന് തിരഞ്ഞെടുക്കുവാനുമുള്ള ദുഃസ്വാതന്ത്ര്യമാണ് കൊടുക്കുന്നത്.

മതത്തെ തള്ളിപ്പറയാൻ പ്രേരിപ്പിക്കുന്ന രസകരമായ ചില ചോദ്യങ്ങളുമുണ്ട്. താഴെപ്പറയുന്ന വിവിധ പ്രശ്നങ്ങൾ ഏതു മതത്തിൽപ്പെട്ടവരെയാണ് കൂടുതൽ ബാധിക്കുക? 1. വിലക്കയറ്റം 2. കുടിവെള്ള ക്ഷാമം 3. പകർച്ചവ്യാധികൾ 4. ഭൂകമ്പം.

ഈ പാഠഭാഗത്ത് ക്രൈസ്തവ മതത്തെ വികലമായി ചിത്രീകരിക്കുന്നതിനായി "അവർണ്ണ ജാതിയിൽ നിന്ന് ക്രിസ്തു മതത്തിലേക്ക് മതപരിവർത്തനം ചെയ്തവർ തീണ്ടലിനും തൊടീലിനും വിധേയരാകേണ്ടിവന്നു" etc. ( page 22). അക്രമത്തെ മഹത്വവത്ക്കരിക്കുകയും നീതിക്കുവേണ്ടി കൊലപാതകം ചെയ്യുന്നതിൽ തെറ്റില്ലായെന്ന് കുട്ടികളെ പഠിപ്പിക്കുന്ന രീതിയിൽ (page 36) കൊടുത്തിരിക്കുന്നവയൊക്കെ കുഞ്ഞു മനസ്സുകളെ വികലമാക്കുന്നതിൽ സംശയമില്ല. ഏഴാം ക്ലാസിലെ സാമൂഹ്യപാഠത്തിൽ 41-ാം പേജിൽ ബ്രിട്ടീഷ് ഭരണത്തെ പുകഴ്ത്തിയും നമ്മുടെ സ്വാതന്ത്ര്യസമരത്തെ അവഹേളിച്ചും പറഞ്ഞിരിക്കുന്നവ രാജ്യദ്രോഹക്കുറ്റമാകത്തക്കതാണ്.

ഈ പാഠപുസ്തകത്തിൽ ധാരാളം അപകടങ്ങളും ഒളിഞ്ഞിരിക്കുന്നു. സമൂഹത്തിലെ സംഭവങ്ങൾ വിലയിരുത്തി അനാരോഗ്യ വിമർശനങ്ങൾ നടത്തുക, നൻമയ്ക്കുവേണ്ടി തിന്മ പ്രവർത്തിക്കുന്നത് ശരിയാണ് (മാർഗ്ഗമേതായാലും ലക്ഷ്യം നന്നായാൽ മതിയെന്ന കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം), നിരീശ്വരവാദം വളർത്തുക, മതത്തെ തള്ളിപ്പറയുക (Pp. 24-27), മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുക (P 26), കമ്മ്യൂണിസ്റ്റ് നേതാക്കളെ മാതൃകകളായി ചിത്രീകരിക്കുന്നു (Pp.8,9,14), നിരീശ്വരവാദ ഗ്രന്ഥങ്ങൾ വായിക്കാൻ കുട്ടികളോടാവശ്യപ്പെട്ടിരിക്കുന്നു (P. 13), സ്വാതന്ത്ര്യസമര ചിത്രത്തെ വളച്ചൊടിച്ചിരിക്കുന്നു (P. 39), കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണപരിഷ്ക്കാരങ്ങളെ മഹത്വവത്ക്കരിച്ചിരിക്കുന്നു (P. 13), മതേതരത്വമെന്നാൽ മതമില്ലാത്ത അവസ്ഥ എന്ന് സമർത്ഥിച്ചിരിക്കുന്നു (P. 27), വിപ്ലവം കുത്തി നിറച്ചിരിക്കുന്നു (Pp.10,17,21,34,36), ചൈനീസ് സംസ്ക്കാരത്തെ എടുത്ത് പറഞ്ഞിരിക്കുന്നു (P. 68) ക്രൈസ്തവവിശ്വാസത്തെ വികലമായി ചിത്രീകരിച്ചിക്കുന്നു (P. 22), മതത്തെ വിമർശിക്കാൻ കുട്ടികളെ പഠിപ്പിക്കുന്നു ( P. 23).

നിരീശ്വര മനോഭാവങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും വർഗ്ഗസമരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ദേശീയ പ്രാദേശിക ചരിത്ര സംഭവങ്ങളെ വ്യാഖ്യാനിക്കുന്നതും അനാരോഗ്യകരമായ വിമർശന സംസ്ക്കാരം വളർത്തുന്നതുമായ പാഠപുസ്തകങ്ങൾ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നത് വരും തലമുറയെ ഗുരുതരമായ വീഴ്ചകളിലേക്ക് നയിക്കാനിടയാകും. സമൂഹത്തിന്റെ പൊതുനന്മയ്ക്കായി മതമൂല്യങ്ങളിലുറച്ച് നമ്മുടെ സംസ്ക്കാരത്തിനുവേണ്ടി ശക്തമായ നിലപാടുകളും പ്രതികരണങ്ങളുമായി നമ്മൾ മറ്റ് സമുദായങ്ങളോടൊപ്പം ചേർന്ന് രംഗത്തിറങ്ങിയേ പറ്റൂ. അതിനായി എല്ലാ അധ്യാപക സംഘടനകളും, സാംസ്ക്കാരിക നേതാക്കളും, രാജ്യസ്നേഹികളും രംഗത്തിറങ്ങണം.

## 02. കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി) 2008 ജൂൺ 10-11 തീയതികളിൽ കൈക്കൊണ്ട തീരുമാനങ്ങൾ

**1.അൽഫോൻസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപനം:** ഭാരതത്തിൽ നിന്നുള്ള വിശുദ്ധയായ അൽഫോൺസാമ്മയെ സാർവത്രികസഭ ഒക്ടോബർ 12-ന് വിശുദ്ധയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ കേരളത്തിൽ നിന്നുള്ള മെത്രാന്മാരും അല്മായ പ്രതിനിധികളും പങ്കെടുക്കും. ഒക്ടോബർ 13-ന് വത്തിക്കാനിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിക്കും. നവംബർ 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനത്തുവച്ച് കേരളസഭയുടെ നേതൃത്വത്തിൽ ആഘോഷപരിപാടികൾ നടത്തും. അൽഫോൻസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപിക്കുന്ന അവസരത്തിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും സന്തോഷസൂചകമായി പള്ളിമണികൾ മുഴങ്ങും. അൽഫോൻസാമ്മയുടെ ജീവിതത്തെയും ആധ്യാത്മികതയെയും കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ പൊതുഇടയ ലേഖനം പ്രസിദ്ധീകരിക്കും. 2009-ൽ അൽഫോൻസാമ്മയുടെ ജന്മശതാബ്ദി പ്രമാണിച്ച് കേന്ദ്രഗവൺമെന്റ് നാണയം ഇറക്കുന്നതിനെക്കുറിച്ച് സജീവമായി പരിഗണിക്കുന്നുണ്ട്.

**2. വിവാദപാഠപുസ്തകങ്ങൾ:** സ്കൂൾ വിദ്യാർത്ഥികളുടെ ഇളംമനസ്സുകളിൽ മതവിദ്വേഷവും നിരീശ്വരമനോഭാവങ്ങളും കുത്തിവയ്ക്കുന്ന പാഠപുസ്തകങ്ങൾ പിൻവലിക്കണമെന്ന് കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

മതനിഷേധത്തെ മഹത്വവത്കരിക്കുകയും വർഗസമര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ദേശീയവും പ്രാദേശികവുമായ ചരിത്രസംഭവ ങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠ പുസ്തകം വിദ്യാർത്ഥികൾക്ക് തെറ്റായ വിവരങ്ങളാണ് നൽകുന്നത്. മതവിരുദ്ധ പാഠപുസ്തകങ്ങളോടുള്ള പ്രതിഷേധം സംസ്ഥാനാടിസ്ഥാനത്തിൽ പ്രകടമാക്കാൻ ജൂൺ 30-ാം തീയതി തിങ്കളാഴ്ച പ്രതിഷേധദിനമായി ആചരിക്കുവാൻ സമ്മേളനം തീരുമാനിച്ചു.

**3. ഏകജാലകപ്രവേശനം:** ഹയർ സെക്കന്ററികളിൽ മാനേജ്മെന്റ് സീറ്റുകളിലും കമ്മ്യൂ ണിറ്റി സീറ്റിലും വിദ്യാർത്ഥികളെ നിയമാനുസൃതം പ്രവേശിപ്പിക്കാനുള്ള അവകാശം സ്കൂൾ മാനേജ്മെന്റിനുണ്ട്. അതിനായി വിദ്യാർത്ഥികളുടെ വിശദാംശങ്ങളും വിദ്യാലയത്തിന്റെ മാനദണ്ഡങ്ങളും വ്യക്തമാക്കിക്കൊണ്ടുള്ള പ്രവേശനപത്രികകൾ വിദ്യാർത്ഥികളിൽ നിന്നും സ്വീകരിക്കാനുള്ള അവകാശം മാനേജ്മെന്റിനാണ്. വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിക്കാനുള്ള മാനേജ്മെന്റിന്റെ അവകാശത്തിൽ കൈകടത്താനുള്ള സർക്കാരിന്റെ നീക്കത്തെ എതിർക്കുമെന്ന് സമ്മേളനം വ്യക്തമാക്കി.

**4. സന്യാസിനീപ്രവേശനത്തെക്കുറിച്ച് വനിതാ കമ്മീഷന്റെ പരാമർശം:** വസ്തുതകൾ അന്വേഷിച്ചറിയാൻ തയ്യാറാകാതെ സംസ്ഥാന വനിതാ കമ്മീഷൻ സന്യാസിനീ സമൂഹങ്ങളിലേക്കുള്ള അർത്ഥിത്വത്തെ സംബന്ധിച്ചു നടത്തിയ പ്രസ്താവനകളെ അതീവഗൗരവത്തോടെ കാണുന്നുവെന്നും കെ.സി.ബി.സി. വ്യക്തമാക്കി. കത്തോലിക്കാസഭയെക്കുറിച്ചോ സന്യാസമുൾപ്പെടെയുള്ള ജീവിതാന്തസ്സുകളെ സംബന്ധിച്ചോ സഭയുടെ തത്വങ്ങളെ സംബന്ധിച്ചോ കാനോനിക മായ ചട്ടങ്ങളെ സംബന്ധിച്ചോ ശരിയായ അറിവില്ലാതെയും പഠിക്കാൻ തയ്യാറാകാതെയുമാണ് വനിതാ കമ്മീഷൻ ചില പ്രസ്താവനകൾ മുന്നോട്ടുവച്ചിട്ടുള്ളത്. സമർപ്പിതരുടെ നിസ്വാർത്ഥ സേവനത്തിന്റെയും ത്യാഗത്തിന്റെയും ഗുണഫലങ്ങൾ കേരളസമൂഹത്തോളം മറ്റാരും അനുഭവിച്ചിട്ടുണ്ടാവില്ല. മതവിശ്വാസത്തിൽ നിന്നും ഉരുത്തിരിയുന്ന സന്യാസജീവിതത്തെയും അവർ ചെയ്യുന്ന സേവനങ്ങളെയും തെറ്റായി ചിത്രീകരിക്കുന്ന പ്രവണത നാടിന് ആപത്താണ്. മക്കൾക്ക് ഭാവിയെക്കുറിച്ച് സ്വപ്നം നൽകാനും ദൈവം നൽകിയ മക്കളെ നല്ലവരാക്കി വളർത്തിക്കൊണ്ടുവരാനും മാതാപിതാക്കൾക്ക് കടമയും ഉത്തരവാദിത്വവുമുണ്ട്. മക്കളുടെ രൂപീകരണത്തിൽ മാതാപിതാക്കളെ കൂടുതൽ ബോധവാന്മാരാക്കുന്ന കർമ്മപദ്ധതികൾ കേരളസഭയിൽ നടപ്പിലാക്കും.

**5. വികസനവും കുടിയൊഴിപ്പിക്കലും:** നീതിയുക്തമായ പുനരധിവാസം ഉറപ്പാക്കിക്കൊണ്ടല്ലാതെ വികസന പദ്ധതികൾക്കായി ആരെയും കുടിയിറക്കാൻ പാടില്ലെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജനറൽ ബോഡി യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. വികസനമെന്നാൽ എന്തെന്ന് കൃത്യമായി നിർവചിക്കപ്പെടേണ്ട സ്ഥിതിയിലാണ് ഇന്നത്തെ കേരളത്തിന്റെ അവസ്ഥ. പാവപ്പെട്ടവർക്കും തദ്ദേശവാസികൾക്കും ദ്രോഹമുണ്ടാക്കുകയും അവരെ അവഗണിക്കുകയും ചെയ്യുന്ന പദ്ധതികളെ യഥാർത്ഥ വികസനമായി കാണാനാവില്ല. കുടിയൊഴിഞ്ഞു പോകേണ്ടി വരുന്നവർക്ക് സമഗ്രവും സമ്പൂർണവുമായ നീതി ഉറപ്പാക്കുകയും വേണം. വല്ലാർപാടം പദ്ധതിക്കുവേണ്ടി മൂലമ്പിള്ളിയിൽ മനുഷ്യത്വരഹിതമായി കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഈ വിഷയത്തെ സംബന്ധിച്ച് സഭാനേതൃത്വം ബന്ധപ്പെട്ട അധികാരികളെ പല പ്രാവശ്യം സമീപിച്ചിട്ടുള്ളതാണ്. സർക്കാർ നിലപാട് വാഗ്ദാനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ്.

**6.ദളിത് ക്രൈസ്തവരെക്കുറിച്ച് നയരേഖ:** കേരളത്തിലെ ദളിത് ക്രൈസ്തവരുടെ അവസ്ഥകളെക്കുറിച്ച് പഠിക്കുകയും അവരുടെ ഉന്നമനത്തിനായി സഭയുടെ ഔദ്യോഗിക നിലപാട് വ്യക്തമാക്കുന്നതിന് നയരേഖ രൂപീകരിക്കാൻ തീരുമാനമായി. ദളിത് ക്രൈസ്തവർക്കായുള്ള കമ്മീഷന്റെ ചെയർമാൻ ആലപ്പുഴ മെത്രാൻ സ്റ്റീഫൻ അത്തിപ്പൊഴിയിൽ, തിരുവല്ല അതിരൂപത മെത്രാപ്പോലീത്ത തോമസ് മാർ കൂറിലോസ്, ഇടുക്കി രൂപത മെത്രാൻ മാത്യു ആനിക്കുഴിക്കാട്ടിൽ എന്നിവരെ കേരള കത്തോലിക്കാ മെത്രാൻ സമിതി നയരേഖ രൂപീകരണത്തിനായി ചുമതലപ്പെടുത്തി.

**7. കെ.സി.ബി.സി വനിതാനയം:** സഭയിൽ വനിതകൾ നിർവഹിക്കേണ്ട ഉത്തരവാദിത്വങ്ങളും കടമകളും വനിതകളുടെ പ്രാധാന്യത്തെക്കുറിച്ചും കെ.സി.ബി.സി. വനിതാ കമ്മീഷൻ തയ്യാറാക്കിയ നയരേഖ (Gender Policy) മെത്രാൻ സമിതി ചർച്ച ചെയ്തു. വിശദ പഠനത്തിനായി ഇടുക്കി രൂപതാ മെത്രാൻ മാത്യു ആനിക്കുഴിക്കാട്ടിൽ, കണ്ണൂർ രൂപതാ മെത്രാൻ വർഗീസ് ചക്കാലക്കൽ, തിരുവനന്തപുരം മലങ്കര അതിരൂപതാ ശ്രേഷ്ഠ മെത്രപ്പോലീത്ത ബസേലിയോസ് മാർ ക്ലീമിസ്, മാനന്തവാടി രൂപതാ മെത്രാൻ ജോസ് പൊരുന്നേടം എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചു.

**8. പ്രോ-ലൈഫ് മിനിസ്ട്രി:** ജീവനെ അതിന്റെ എല്ലാ തലങ്ങളിലും സംരക്ഷിക്കുവാനും നിലനിർത്താനും വേണ്ടി കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രോ-ലൈഫ് മിനിസ്ട്രി എല്ലാ രൂപതകളിലും നടപ്പിലാക്കും. കൂടുതൽ മക്കൾക്ക് ജന്മം നൽകാൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കുകയും മക്കളെ വളർത്താനും രൂപീകരിക്കാനും മാതാപിതാക്കളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ സഭാതലത്തിൽ നടപ്പിൽ വരുത്തും.

**9. ലൈഫ് ഗൈഡൻസ് കോഴ്സ്:** വിവാഹ ഒരുക്കസെമിനാറിന്റെ മാതൃകയിൽ പ്ലസ്ടു തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജീവിത ഒരുക്ക സെമിനാർ രൂപതാതലത്തിൽ നടപ്പിലാക്കും. ലൈഫ് ഗൈഡൻസ് കോഴ്സിനായി കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാഠ്യപദ്ധതി തയ്യാറാക്കി കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലും ഏകീകൃതമായി നടപ്പിലാക്കും. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ലൈംഗിക വിദ്യാഭ്യാസ പാഠ്യപദ്ധതി തയ്യാറാക്കി വിദ്യാർത്ഥികൾക്ക് ഇടവകതലത്തിൽ അതിന് പരിശീലനം നൽകും.

**10. ഏകസ്ഥരുടെ പ്രശ്നങ്ങൾ:** സമൂഹത്തിലെ ഏകസ്ഥരുടെ ഇന്നത്തെ ജീവിത അവസ്ഥകളെക്കുറിച്ച് കെ.സി.ബി.സി. ഫാമിലി കമ്മീഷൻ പഠനം നടത്തുകയും ഏകസ്ഥർക്കുവേണ്ടിയുള്ള സേവനങ്ങളും ശുശ്രൂഷകളും രൂപതാ കുടുംബക്ഷേമ വകുപ്പുകൾ വഴി കാര്യക്ഷമമായി നടപ്പിലാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

**11. മറ്റുള്ളവ:** കേരളം നേരിടുന്ന മദ്യപാനം തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾ, സഭയുടെ വിദ്യാഭ്യാസപ്രേഷിതത്വം, വചനവർഷാചരണം, ജീസസ് യൂത്ത് പ്രവർത്തനങ്ങൾ, വി. തോമസ് ശ്ലീഹയെക്കുറിച്ച് മദ്രാസ് അതിരൂപത നിർമ്മിക്കുന്ന ഫീച്ചർ ഫിലിം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സമിതികൾക്ക് നൽകുകയും ചെയ്തു.

## 03. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ സഭകളുടെ സംയുക്തനീക്കം ഉണ്ടാകണം : മാർ മാത്യു അറയ്ക്കൽ

**( KSSF News-11-06-2008)**

കേരളത്തിലെ സാധാരണ പൗരന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ സഭകളുടെ സംയുക്ത നീക്കം ഉണ്ടാകണമെന്ന് ബിഷപ് മാർ മാത്യു അറയ്ക്കൽ ആഹ്വാനം ചെയ്തു. കേരളത്തിലെ കത്തോലിക്കാ രൂപതകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇരുപത്തി യൊൻപത് സാമൂഹിക സേവന സംഘടനകളുടെ ഏകോപന സമിതിയായ കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ഇരുപത്തിയേഴാമത് വാർഷികപൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഫോറത്തിന്റെ ചെയർമാൻകൂടിയായ ബിഷപ് മാർ മാത്യു അറ യ്ക്കൽ. വരും നാളുകളിൽ അടിസ്ഥാന വിഭാഗങ്ങളുടെയും, പാർശ്വവത്കരിക്കപ്പെട്ടവരുടെയും ജീവിതത്തെ സാരമായി ബാധിക്കുന്ന ഭക്ഷ്യ സുരക്ഷ പ്രതിസന്ധിക്ക് ഉചിതമായ പ്രത്യുത്തരം നൽകുവാനും ക്രിയാത്മകമായ പരിഹാര നടപടികൾ ഏറ്റെടുക്കുവാനും പൊതുയോഗം തീരുമാനിച്ചു. ആനുകാലിക പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ വികസന സാധ്യതകൾ തിരയുകയും അംഗസംഘടനകൾക്ക് ദിശാ ബോധം നൽകുകയും ലക്ഷ്യമാക്കി കോട്ടയം ആസ്ഥാനമായാണ് സോഷ്യൽ സർവ്വീസ് ഫോറം പ്രവർത്തിക്കുന്നത്. കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ഫോറത്തിന്റെ പ്രവർത്ത നങ്ങളെ നിയന്ത്രിക്കുന്നു.

♦ ♦